www.viswasasamrakshakan.org

# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Vol. 1 Issue 17 November 15-30, 2006

# പൂട്ടിയ പള്ളികൾ തുറക്കണം.

## ശ്രേഷ്ഠ കാതോലിക്ക ബാവ



**അഖില മലങ്കര പ്രാർത്ഥനായജ്നം ശ്രേഷ്ഠ കാതോലിക്ക ബാവ തിരുമനസ്സുകൊണ്ട് ഉത്ഘാടനം ചെയ്യുന്നു. സഖറിയ ഇച്ഛിക്കേട്ടിൽ കോറെപ്പിസ്കോപ്പ, ഷെവ. മോൻസി വാവച്ചൻ, മെത്രാപ്പോലീത്തമാരായ എബ്രഹാം മോർ സേവേറിയോസ്, മർക്കോസ് മോർ ക്രിസോസ്റ്റമോസ്, ഷെവ. ജോൺ പുന്നമറ്റം, ഫാ. ഏലിയാസ് കരോട്ടുമംഗലം എന്നിവർ സമീപം**

യാക്കോബായ സഭയുടെ പൂട്ടിയ പള്ളികൾ തുറക്കുവാൻ നടപടിയുണ്ടാകണമെന്ന് ശ്രേഷ്ഠ കാതോലിക്ക ബാവ ആവശ്യപ്പെട്ടു. കണ്ണ്യാട്ട്നിരപ്പേൽ സെന്റ് ജോൺസ് പള്ളിയിൽ ബഹുഭൂരിപക്ഷം വരുന്ന യാക്കോബായ സഭാംഗങ്ങൾക്ക് ആരാധന സ്വാതന്ത്ര്യം നിഷേധിച്ചിരിക്കുകയാണ്. ആർഷഭാരതത്തിൽ ആരാധനാസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട സമൂഹമായി സഭ മാറുകയാണ്. പൂട്ടിയ പള്ളികൾ തുറക്കുവാൻ സർക്കാർ നടത്തുന്ന മധ്യസ്ഥ ശ്രമങ്ങളെ സഭ സ്വാഗതം ചെയ്യുന്നു. എന്നാൽ അതുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ലെങ്കിൽ യാക്കോബായ സഭ രംഗത്തിറങ്ങുമെന്നും ശ്രേഷ്ഠ ബാവ പറഞ്ഞു.

യോഗത്തിൽ മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. മെത്രാപ്പോലീത്തമാരായഎബ്രഹാം മോർ സേവേറിയോസ്, മർക്കോസ് മോർ ക്രിസോസ്റ്റമോസ്, വികാരി ഫാ. ഏലിയാസ് കരോട്ടുമംഗലം, ഷെവ. ജോൺ പുന്നമറ്റം, ഷെവ. മോൻസി വാവച്ചൻ, ട്രസ്റ്റിമാരായ പി.എം. ജോയി, എം.യു. ജോർജ്, പി.വി. കുര്യാച്ചൻ, ബേബി പൊയ്ക്കാട്ടുശ്ശേരി, സമുദായ സെക്രട്ടറി തമ്പു ജോർജ് തുകലൻ, ഏലിയാസ് കോഴിപ്പറമ്പിൽ റമ്പാൻ, വെരി.റവ. സഖറിയ ഇച്ഛിക്കേട്ടിൽ കോറെപ്പിസ്കോപ്പ, ഫാ. ജോസ് മൂത്താരിൽ തുടങ്ങിയവർ പ്രസംഗിച്ചു. പൂട്ടിയ പള്ളികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് യാക്കോബായ സഭ നടത്തുന്ന 12-മത് പ്രാർത്ഥനായജ്നമാണ് ഇവിടെ നടന്നത്.

## പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നവംബർ 23 ന് ചേരുന്നു.

യാക്കോബായ സുറിയാനിസഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നവംബർ 23 ന് പുത്തൻകുരിശ് പാത്രിയർക്കാസെന്ററിൽ ചേരും. കോഴിക്കോട് ഭദ്രാസന രൂപീകരണം പരിശുദ്ധ സുന്നഹദോസ് ചർച്ചചെയ്യും

## സമുദായ കേസ് ആറാഴ്ച നീട്ടി

ഹൈക്കോടതി വിധിക്കെതിരെ മെത്രാൻ കക്ഷികൾ സുപ്രിംകോടതിയിൽ കൊടുത്തിരിക്കുന്ന കേസ് വാദം കേൾ ക്കുന്നതിനായി ആറാഴ്ചത്തേയ്ക്ക് മാറ്റി. നവം.അവസാനം കേസ് പരിഗണിക്കുമെന്നാണ് നേരത്തെ കോടതി നിർദ്ദേശിച്ചിരുന്നത്. കാലം ചെയ്ത മാത്യൂസ് ദ്വിതീയൻ കാതോലിക്കായ്ക്ക് പകരമായി കക്ഷി ചേരുന്നതിന് ദിദിമോസ് പ്രഥമൻ ബാവ കൊടുത്തിരിക്കുന്ന അപേക്ഷയും ഇതോടൊപ്പം പരിഗണിക്കും. മെത്രാൻകക്ഷിയിലെ വിമിത വിഭാഗം ആവശ്യപ്പെട്ടിട്ടാണ് കേസ് മാറ്റിയത്.

## മന്ത്രി റ്റി.യു. കുരുവിള അമ്മവീട് സന്ദർശിച്ചു



മണർകാട്. യാക്കോബായ സുറിയാനി സഭയുടെ ചാരിറ്റബിൾ സംഘടനയായ കേഫായുടെ നേതൃത്വത്തിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ സ്ഥാനാരോഹണ രജതജൂബിലി സ്മാരകമായി മണർകാട് വെള്ളൂർ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന അമ്മവീടിന്റെ പ്രവർത്തനത്തെ ബഹുമാനപ്പെട്ട പൊതുമരാമത്ത് മന്ത്രി റ്റി.യു. കുരുവിള അഭിനന്ദിച്ചു. അശരണരും ആലംബഹീനരുമായ നാനാജാതി മതസ്ഥർക്ക് കേഫാ ചെയ്യുന്ന സേവനങ്ങൾ മാതൃകാപരമാണെന്ന് മന്ത്രി പറഞ്ഞു. കേഫായുടെ പ്രവർത്തനങ്ങൾക്ക് എല്ലാ സഹായങ്ങളും മന്ത്രി വാഗ്ദാനം ചെയ്തു. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത അഭി. തോമസ് മോർ തീമോത്തിയോസ്, ഭദ്രാസന സെക്രട്ടറി വന്ദ്യ കിഴക്കേടത്ത് കുര്യാക്കോസ് കോറെപ്പിസ്കോപ്പ, ഫാ.എം.കെ. തോമസ് മറ്റത്തിൽ, കമാൻഡർ കെ.കെ.മാണി കിലോൾ, ഷെവ.ടി.സി.തോമസ്, അജു മുണ്ടയ്ക്കൽ എന്നിവർ സന്നിഹിതരായിരുന്നു.

# കണ്ടനാട് പള്ളിയും യാഥാർത്ഥ്യങ്ങളും

യാക്കോബായ സുറിയാനിസഭയിലെ പ്രശസ്ത ദൈവാലയമായ കണ്ടനാട് പള്ളിയിൽ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ സംഭവവികാസങ്ങൾ മാദ്ധ്യമശ്രദ്ധയാകർഷിച്ചിരുന്നു. ചരിത്രം ഉറങ്ങിക്കിടക്കുന്ന കണ്ടനാട് വി. മർത്തമറിയം യാക്കോബായ സുറിയാനി പള്ളിയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ മെത്രാൻകക്ഷി വിഭാഗം ഗൂഢശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. ഇതിന് മല്ലപ്പള്ളിക്കാരൻ റിസീവർ ജോയി കുര്യന്റെ പിന്തുണയുമുണ്ട്.

പുണ്യശ്ലോകനായ ശക്രള്ള ബാവയുടെ കബറിടം സ്ഥിതി ചെയ്യുന്ന ഈ ദൈവാലയം പ്രശസ്ത ചരിത്രകാരൻ Claudius Buchanan സന്ദർശിച്ച് ചരിത്രത്തിൽ സ്ഥാനം നേടിയിട്ടുണ്ട്. ഇവിടെ വൈദീകനായ ഫാ. മട്ടമ്മേൽ കഴിഞ്ഞ ദിവസം നിര്യാതനായി. പള്ളിയുടെ സ്വത്തുക്കൾ കൊള്ളയടിക്കുന്നതിന് മുൻപന്തിയിലായിരുന്നു ഈ വൈദീകൻ. സ്കൂൾ മാനേജർ എന്ന നിലയിൽ പുതിയ നിയമങ്ങൾ നടത്തി കോടികൾ സമ്പാദിച്ചു. സ്കൂളിന്റെ വാഹനങ്ങൾ സ്വന്തം പേരിലാക്കി. അവസാനം ലിവർ സിറോസിസ് രോഗത്തിന് കീഴ്പ്പെട്ട് കഴിഞ്ഞദിവസം ഈ ലോകവാസം വെടിഞ്ഞു. കണ്ടനാട് മർത്തമറിയം യാക്കോബായ സുറിയാനി പള്ളി 1976 മുതൽ റിസീവർ ഭരണത്തിലാണ്. ഏകദേശം 1750 ഇടവക അംഗങ്ങൾ ഈ ദൈവാലയത്തിൽ ഉണ്ട്. 90% വിശ്വാസികളും സത്യവിശ്വാസത്തിൽ നില നിൽക്കുന്നവരാണ്. ഈ ഇടവകയിൽ രണ്ട് വൈദീകർ സേവനം അനുഷ്ടിച്ചിരുന്നു. ഇതിൽ ഒരു വൈദീകൻ മറുപക്ഷവുമായി ചേർന്ന് പ്രവർത്തിച്ചിരുന്നു. കോടതി വിധി അനുസരിച്ച് ഇരുവിഭാഗം വൈദികർക്കും സ്റ്റാറ്റസ്കോ ആനുകൂല്യം ലഭിച്ചിരുന്നു.

കഴിഞ്ഞ ഒക്ടോബർ 24 ന് ഫാ. മട്ടമ്മേൽ നിര്യാതനായി. ശവസംസ്കാരചടങ്ങ് സംബന്ധിച്ച് മെത്രാൻകക്ഷി വിഭാഗം സ്വയം പ്രശ്നങ്ങൾ സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ ശവസംസ്കാരം നടത്തുന്നതിന് യാക്കോബായസഭ എല്ലാ സഹകരണത്തിനും തയ്യാറായിരുന്നു. ഇതിന് ഇടയിൽ മെത്രാൻകക്ഷി വിഭാഗം മെത്രാപ്പോലീത്ത, മരിച്ച മട്ടമ്മേൽ അച്ചന്റെ സഹോദരപുത്രനെ ചുമതലക്കാരനായി നിയമിച്ചു. ഫാ. ഐസക് തന്റെ നിയമന അംഗീകാരത്തിനായി കോടതിയെ സമീപിച്ചു. ബഹു.കോടതി കേസിന്റെ മെറിറ്റ് നോക്കാതെ മരിച്ച വൈദീകന്റെ ശവസംസ്കാര ആവശ്യത്തിലേയ്ക്കും മറ്റുമായി ഒക്ടോബർ 29 മുതൽ നവംബർ 4 വരെ താത്കാലിക ചുമതല നൽകി. മറുവിഭാഗം നൽകിയ അപേക്ഷ കോടതി ആറാം തീയതി പരിഗണിക്കുകയും അവസാനവാദം കേൾക്കുകയും എട്ടാം തീയതി മെത്രാൻ കക്ഷി വൈദീകന്റെ അപേക്ഷ തള്ളുകയും ചെയ്തു. കഴിഞ്ഞ അഞ്ചാം തീയതി മുതൽ മെത്രാൻകക്ഷി വിഭാഗത്തിന് കണ്ടാനാട് പള്ളിയിൽ വൈദീകർ ഇല്ല.

നവംബർ 10-ാം തീയതി തന്റെ നിയമം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഫാ.ഐസക് ഹൈകോടതിയെ സമീപിച്ചു. ബഹു.ഹൈകോടതി അദ്ദേഹത്തിന്റെ അപേക്ഷ പരിഗണിക്കാതെ ഉത്തരവ് നൽകിയ ദിവസത്തെ തൽസ്ഥിതി എന്താണോ അത് അനുസരിച്ച് മുൻപോട്ട് പോകുവാൻ നിർദ്ദേശിച്ചു. നിലവിൽ 1990 മുതൽ ഈ ഇടവകയിൽ വികാരിയായ വന്ദ്യ പുന്നച്ചാലിൽ ജോൺ കോറെപ്പിസ്കോപ്പ മാത്രമാണ് ഇവിടെ വൈദീകൻ. സ്റ്റാറ്റസ്കോയുടെ ആനുകൂല്യം ലഭികക്കുവാൻ ഇദ്ദേഹത്തിനുമാത്രമെ അവകാശമുള്ളൂ. യാഥാർത്ഥ്യം ഇതായിരിക്കെ പള്ളി റിസീവറോട് ഉന്നതപോലീസ് അധികാരികൾ കോടതി ഉത്തരവിലെ യാഥാർത്ഥ്യം മനസ്സിലാക്കി വ്യക്തമായ കോടതി ഉത്തരവ് ഇല്ലാതെ ഫാ. ഐസക്കിന് കുർബ്ബാന അർപ്പിക്കുവാൻ അവകാശമില്ല എന്ന ധാരണയുണ്ടാക്കി. ഈ ധാരണയുടെ വെളിച്ചത്തിൽ കഴിഞ്ഞ നവംബർ 12 ന് ഇടവകയിൽ വി.കുർബ്ബാന നടന്നില്ല. എന്നാൽ തിങ്കളാഴ്ച കോടതിയിൽ വിശദീകരണം ചോദിക്കുന്നതിന് പകരം പള്ളിയുടെ റിസീവർ അഡ്വ.റോയി ജോയി കുര്യൻ മറുപക്ഷത്തോട് ചേർന്ന് യാക്കോബായ സഭയ്ക്ക് എതിരായ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. തുടർന്ന് കഴിഞ്ഞ 13 മുതൽ 18 വരെ ഫാ. ഐസക്കിന് കുർബ്ബാന അർപ്പിക്കുവാൻ സാധിച്ചു.

ഇതിനിടയിൽ കോടതിവിധിയുടെ അവ്യക്തതയെക്കുറിച്ച് റിസീവർ വിളിച്ച് ചേർത്ത ചർച്ച സംഘർഷത്തിന്റെ വക്കിലെത്തി. മറുവിഭാഗം വൈദീകൻ ഐസക് മുഷ്ടിചുരുട്ടികൊണ്ട് യാക്കോബായ സഭാ സെക്രട്ടറിയെ മർദ്ദിക്കുവാൻ ചാടി എഴുന്നേറ്റു. ഒരു വൈദീകന് ചേരാത്ത രീതിയിൽ അസഭ്യവർഷങ്ങൾ പറഞ്ഞു. യാക്കോബായ സഭയുടെ പ്രിയപ്പെട്ട സെക്രട്ടറി തമ്പു ജോർജ് തുകലനെ ആക്രമിക്കുവാൻ ഫാ. എസക് തുനിഞ്ഞു എന്ന വാർ ത്ത കാട്ടുതീപോലെ പടർന്നു. പല സ്ഥലങ്ങളിൽ നിന്നായി വിശ്വാസികൾ കൂട്ടമായി എത്തി. അവസാനം ഫാ.ഐസക് പോലീസ് സംരക്ഷണയോടെയാണ് രക്ഷപ്പെട്ടത്. ഫാ.ഐസക്കിന്റെ നടപടിക്ക് എതിരെ ഇടവകക്കാർ പോലീസിൽ പരാതിപ്പെട്ടിട്ടുണ്ട്.

# മഹാ ജ്യോതിസ്സായ ശക്രുള്ള ബാവ തിരുമേനി

**Prof. O.M. Mathew Oruvattithara, M.A., L.L.B., M.A. (R.Sc), Rtd.Professor of Baselios College, Kottayam**

മലങ്കരയിൽ പിറക്കാതെ, മലയാളമണ്ണിൽ മറഞ്ഞ ശക്രുള്ള ബാവ തിരുമേനി, സഭാതനയരുടെ മനസിൽനിന്നും മായാതെ മറയാതെ മഹാജ്യോതിസ്സായി ഇന്നും വിരാജിക്കുന്നു. സഭാമക്കളുടെ നിസ്സീമമായ ഭക്ത്യാദരവുകൾക്കർഹനായി, സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിരിക്കുന്നു അദ്ദേഹം.



1751-ാം ആണ്ടിൽ അദ്ദേഹം കൊച്ചിയിലെത്തി. വൈരുദ്ധ്യത്തിൽ ആയിരുന്ന സഭയെ ഉജ്ജീവിപ്പിക്കുവാൻ പ്രസ്തുത ദൗത്യനിർവ്വാഹണം ഭാഗീകമായി നിർവ്വഹിച്ചതിന് ശേഷം ഏതാണ്ട് ഒരു വ്യാഴവട്ടക്കാലം കേരളത്തിലെ അജഗണങ്ങളെ ശുശ്രൂഷിച്ചും സത്യവിശ്വാസധാരയിൽ സുസ്ഥിരമാക്കിയും ജീവിതം നയിച്ച് 1764-ൽ മട്ടാഞ്ചേരി പള്ളിയിൽവച്ച് നിര്യാതനായി. കണ്ടനാട് വി. മർത്തമറിയം പള്ളിയിൽ അദ്ദേഹം സംസ്കരിക്കപ്പെട്ടു.

പ്രാർത്ഥനാ നിർഭരമായ വിശ്വാസവും, പ്രവർത്തനാപൂരിതമായ ജീവിതശൈലിയും സമസ്യയാക്കി സമ്യുന്നയമായി സമ്മേളിപ്പിച്ച വാകർത്ഥതുല്യം വേർപെടുത്താനാവാത്ത വിധം ഇഴുക്കിച്ചേർത്ത ദൈവശാസ്ത്രത്തിൽ അധിഷ്ഠിതമായിരുന്നു, ബാവ തിരുമേനിയുടെ ജീവിതം. ആർഭാടരഹിതവും, അവധൂത തുല്യവുമായിരുന്നു അത്. അതുതന്നെയാണ് അതിനെ ഉദാത്ത നിലയിലെത്തിച്ചതും, ഉത്തമ നിദർശനമാക്കിയതും. ജീവിതത്തിന്റെ വിവിധ തുറയിലും വൈവിദ്ധ്യ തലങ്ങളിലുമുള്ള പരശ്ശതം വ്യക്തികൾ ഈ ധന്യാത്മാവിന്റെ ത്യാഗോജ്ജ്വലമായ ജീവിതത്തിന് സാക്ഷ്യം വഹിക്കുന്നുണ്ട്.

ബാവ തിരുമേനി മലങ്കരയിൽ എന്തിനായി എത്തി എന്നത് ഗ്രഹിക്കുവാൻ ചരിത്രപഠനം ആവശ്യമാണ്. മലങ്കരയിൽ അധികാരാധിപത്യം സ്ഥാപിക്കുവാനുള്ള അഭിനിവേശം മൂലമായിരുന്നില്ല, മറിച്ച് സഭാതനയരുടെ ഇംഗിതനിവർത്തിക്കായിട്ടാണ് അദ്ദേഹവും അനുചരന്മാരും നിരവധി യാതനകൾ സഹിച്ച് കാരാഗൃഹവാസം പോലും അനുഭവിച്ച് ഇവിടെ എത്തിയത്. അക്കാലത്ത് മലങ്കര സഭയെ ഭരിച്ചിരുന്നത് പകലോമറ്റം മാർത്തോമ്മ അഞ്ചാമനായിരുന്നു. അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനത്തിന് അന്യൂനമായ അപ്പസ്തോലികത ഉണ്ടായിരുന്നില്ല. അന്നത്തെ വിശ്വാസികളിൽ ഒരു വിഭാഗം ഈ ന്യൂനതയുമായി സന്ധിപ്പെടുവാൻ തയ്യാറായില്ല. അതിൽ അത്ഭുതപ്പെടേണ്ടതില്ല. അപ്പസ്തോലിക പാരമ്പര്യത്തെ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിക്കുവാൻ തയ്യാറായിട്ടുള്ള ഒരുവിഭാഗം ഒരു പക്ഷേ ന്യൂനപക്ഷമായിട്ടാണെങ്കിലും, മലങ്കരസഭയിൽ എക്കാലവും അവശേഷിച്ചിട്ടുണ്ട് എന്നുള്ളതാണ് മലങ്കര യാക്കോബായ സഭയുടെ ജീവചൈതന്യം. മാർത്തോമ്മ അഞ്ചാമനോടുള്ള സഭാത്മകമായ എതിർപ്പ് ഒരുവിധം പ്രകടമാക്കുകകൊണ്ടും സഭാന്തരീക്ഷം കലുഷിതമായിരുന്നു. സഭയുടെ സർഗ്ഗാത്മകത സ്തംഭിച്ചിരുന്നുവെങ്കിൽ അത് സ്വാഭാവികം മാത്രം. മാർത്തോമാ തന്നെയും സ്വസ്ഥാനത്തിന്റെ വികലത പരിഹരിച്ചുകിട്ടുവാനായി പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോട് അവിരാമം അപേക്ഷിച്ചുകൊണ്ടിരുന്നു എന്നുള്ള യാഥാർത്ഥ്യം ലജ്ജഹേതുകമായി മറച്ചുവെയ്ക്കേണ്ടതില്ല. ഇത് ഗ്രഹിക്കുവാൻ സഭയുടെ കാനോൻ സംഹിത പഠിക്കുവാൻ തയ്യാറായാൽ മതിയാകും.

മ്ശിഹാ തമ്പുരാനാകുന്ന മഹാ സ്രോതസ്സിൽനിന്ന് പ്രഭവിച്ച് വി. പത്രോസിനാൽ പരിപാലിതമായ അന്ത്യോഖ്യാ സിംഹാസനത്തിലൂടെ പ്രവഹിച്ചെങ്കിലേ പൗരോഹിത്യ നൽവരം സാധുവാകുകയുള്ളൂ എന്ന് പരി. കാനോൻ പ്രഖ്യാപിക്കുന്നുണ്ട്. താത്വീത ദൃഷ്ട്യാ അപ്പസ്തോലിക നൽവരത്തിന്റെ അന്യൂനവും, അനസ്യൂതവുമായ പ്രവാഹത്തിന് തൈയ്യാമികത നൽകുന്നത് സ്ഥാന ദാതാവിന്റെയും സ്ഥാന സ്വീകാര്യകന്റേയും ഉദ്ദേശശുദ്ധിയോ, സത്നിയോഗമോ അത്രേ. മാർത്തോമാ എന്നറിയപ്പെട്ട അർക്കുദിയാക്കോന് 'അഞ്ചാം മാർതോമ' എന്ന ഔദ്യോഗിക നാമമോ, പദവിയോ നൽകി അവരോധിക്കുവാൻ സംശുദ്ധമായ ഉദ്ദേശത്തിന്റെയോ, നിയോഗത്തിന്റെയോ പ്രകടമായ അഭാവം ഹേതുകരമായിരുന്നു. കുറേക്കൂടി വ്യക്തമാക്കാം. നാലാം മാർതോമ അബോധാവസ്ഥയിലായിരിക്കുമ്പോഴാണ് ആരോ അദ്ദേഹത്തിന്റെ തലയിൽനിന്നും സ്ഥാനമുടി എടുത്ത്, അഞ്ചാം മാർതോമയുടെ ശിരസിൽ ചൂടിയത്. ആസ്ഥിതിക്ക് നാലാം മാർതോമ തന്റെ അനന്തരഗാമിയായി സ്വഅനിന്തരവനായ തോമസ് പകലോമറ്റത്തിനെ ഉദ്ദേശിച്ചിരുന്നുവെന്ന് പറയുക വിഷമമാണ്. ഉദ്ദേശിച്ചിരുന്നില്ല എന്ന പറയുന്നതാകും പറ്റിയത്. ഇത്തരുണത്തിൽ ഒരു സംഗതി വ്യക്തമാക്കട്ടെ. സഭാചരിത്രത്തെ സംക്ഷിപ്തമായി പ്രതിപാദിച്ചാൽ കാണുന്ന ഒരു പ്രതിഭാസമുണ്ട്. കാനോനികവും കളങ്കരഹിതവും കാതലായതുമായ ശ്ലൈഹീക പിന്തുടർച്ചയ്ക്കുള്ള ഉൽക്കടമായ വ്യഗ്രതയാണ് പ്രകൃതത്തിലെ വിവക്ഷ. ആ നിലയ്ക്ക് അഞ്ചാം മാർതോമ എന്ന അത്യനാമാവ്, തന്റെ സ്ഥാനവൈകല്യം പരിഹരിക്കുവാൻ പരിശ്രമിച്ചുവെങ്കിൽ അത്ഭുതത്തിന് അവകാശമില്ല.

അഞ്ചാം മാർതോമായുടെ ഈ ദൃശ്യ അഭ്യർത്ഥന അന്ത്യോഖ്യാ സിംഹാസനം സ്വീകരിച്ചു. പരിശുദ്ധ സിംഹാസനാരൂഢനായിരുന്ന ഗീവറുഗീസ് തൃതീയൻ പാത്രിയർക്കീസ് ബാവ ശക്രുള്ള മഫ്രിയാനെയും ഊർശ്ലേമിലെ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത മൂസലിലെ മാർ ഈവാനിയോസ് എപ്പിസ്കോപ്പ, ഒരു കോറെപ്പിസ്കോപ്പ, ഏതാനും കാശീശന്മാർ, കുറെ ശെമ്മാശന്മാർ എന്നിവരടങ്ങുന്ന ദൗത്യസംഘത്തെ മലങ്കരയിലേയ്ക്ക് അയച്ചു. ഈ വൈദീക സംഘമാണ് ലന്തക്കപ്പലിൽ 1751-ൽ കൊച്ചിയിലെത്തിച്ചത്. മലങ്കരയിലേയ്ക്ക് അയയ്ക്കുന്നവരുടെ യാത്രാചെലവ് താൻ വഹിച്ചുകൊള്ളാം എന്ന ഒരു കരാർ ലന്തക്കപ്പൽ കമ്പനിയുമായി മാർ തോമാ ഉണ്ടാക്കിയിരുന്നതുകൊണ്ടാണ് ബാവായും സംഘവും ലന്തക്കപ്പലിൽ സഞ്ചരിച്ചത്. കപ്പൽ കൊച്ചിയിൽ എത്തിയപ്പോൾ മാർ തോമായോ അദ്ദേഹത്തിന്റെ ആൾക്കാരിൽ ആരെങ്കിലുമോ തുറമുഖ പരിസരത്തുപോലും ഉണ്ടായിരുന്നില്ല. കപ്പൽകൂലി ലഭിയ്ക്കാകയാൽ കമ്പനിക്കാർ ക്ഷുഭിതരായി. ഡച്ചു അഥവ ലന്തക്കാരുടെ കമാൻഡറുടെ അനുമതി കൂടാതെ തിരുസംഘം കൊച്ചിയിൽ താമസിച്ചിരുന്ന താവളം വിട്ടുപോകരുതെന്ന് ഒരു വിലക്കും.

തടങ്കലിൽ കഴിയുംവിധം മലങ്കരയിലേയ്ക്ക് ക്ഷണപ്രകാരം വന്ന സംഘക്കാരെല്ലാം നാളുകൾ തള്ളിക്കഴിച്ചു. പള്ളിക്കര പള്ളിയിലുണ്ടായിരുന്ന മാർതോമ അഞ്ചാമൻ തന്റെ അതിഥിയായി എത്തിയ തിരുസംഘത്തെ സ്വീകരിക്കാനോ അവരുടെ യാത്രാക്കൂലി നൽകുവാനുള്ള വ്യവസ്ഥ ചെയ്യാനോ കൂട്ടാക്കാതെയിരുന്നത് സമസ്യ തന്നെ. പക്ഷെ പ്രത്യക്ഷത്തിൽ അത് അക്ഷന്തവ്യമായ കൃത്യവിലോപം തന്നെ എന്ന് സമ്മതിച്ചേ മതിയാവൂ. മാർതോമാ അഞ്ചാമനുമായി കൂടികാണുവാൻ ബാവ സംഘം ബഹുവിധേനയും ശ്രമിച്ചെങ്കിലും മാർ തോമാ അതിൽനിന്നെല്ലാം ഒഴിഞ്ഞുമാറി എന്നാണ് ചരിത്രരേഖകളിൽ കാണുന്നത്. അത് അദ്ദേഹത്തിന്റെ സ്വാതന്ത്ര്യബോധത്തിന്റെയും അന്ത്യോഖ്യയുടെ മുമ്പിൽ മലങ്കരയെ തളയ്ക്കുന്നതിന് എതിരായുള്ള കുതൂഹലതയുടേയും തെളിവുകളായി ആധുനിക ചരിത്രകാരമാന്യന്മാർ ശ്രമിക്കുന്നത് വിചിത്രം തന്നെ. ഇതുകാണുമ്പോൾ 'ആനയെ കാണ്മാനും വെള്ളെഴുത്തോ' എന്ന കവിവാക്യം അനുസ്മരിച്ചുപോകുന്നു. പ്രസ്തുത പണ്ഡിതമാന്യന്മാരുടെ വാദഗതിയുടെ കുന്തമുന ഒടിക്കുവാൻ മാർതോമാ അഞ്ചാമന്റെയും അനന്തരഗാമിയുടെയും പ്രവർത്തനങ്ങളുടെ സംഗ്രഹം ഗ്രഹിച്ചാൽ മതിയാകും. ആരോടും വാദിക്കുവാനും വാദിച്ചുജയിക്കുവാനും അഗ്രഹമില്ലാത്തതുകൊണ്ട് ഒരു പ്രസ്താവന മാത്രം നടത്തി സംഭവത്തിന്റെ വിവിധ വ്യാഖ്യാനങ്ങൾ അവസാനിപ്പിക്കുന്നു. എപ്പോളെപ്പോൾ മലങ്കരസഭ വൈധവ്യം മൂലം അനാഥമായിട്ടുണ്ടോ, അപ്പോഴൊക്കെ സഭയെ സനാഥമാക്കിയിട്ടുള്ളത് അന്ത്യോഖ്യ, അലക്സാന്ദ്രിയ തുടങ്ങിയ സിംഹാസനങ്ങളായിരുന്നു. മറ്റൊരു രീതിയിൽ പ്രസ്താവിച്ചാൽ 'ഒന്ന്' എന്ന അക്കത്തിന്റെ വലത്തുഭാഗത്തായി 'പൂജ്യങ്ങൾ' ഇടുംതോറും സഖ്യാബലം ക്രമാനുഗതമായി വർദ്ധിക്കുമെന്നും ഒന്ന് എന്ന അക്കമില്ലാതെ എത്രയേറെ പൂജ്യങ്ങൾ നിരത്തിയാലും അതിന് അസ്തിത്വമുണ്ടാകാതെ ശുദ്ധ ശൂന്യമായിത്തന്നെ നിലകൊള്ളുമെന്നുള്ള സഭാവിജ്ഞാനിയം സഭാമക്കൾക്ക് ഉണ്ടായിരുന്നു. ഇതുകൊണ്ടാണ് ഒന്ന് എന്ന വിവക്ഷിതമായ ശ്ലൈഹീക സിംഹാസനത്തോട് ചേർന്ന് മലങ്കര ഘടകത്തെ നിർത്തുവാൻ പൂർവ്വ സൂരികൾ എക്കാലവും ആഗ്രഹിച്ചത്. ഇതിന് ഉപോദ്ബലമായി ആധുനിക കാലത്തുണ്ടായ ഒരു സംഭവം വിവരിക്കാം. അബ്ദുള്ള പാത്രിയർക്കീസ് ബാവ തിരുമേനിയോട് എതിർക്കുകയും മുടക്കിന് വിധേയമാകുകയും ചെയ്ത അന്നത്തെ മലങ്കര മെത്രാപ്പോലീത്ത വട്ടശേരിൽ മോർ ദിവന്നാസിയോസ് ഗീവറുഗീസ് തിരുമേനിയുടെ ജീവിതത്തിലെ ചില സംഭവങ്ങൾ അപഗ്രഥിച്ചാൽ അന്ത്യോഖ്യാ സിംഹാസനവുമായുള്ള മലങ്കരയുടെ ബന്ധം ഛേദിക്കുവാൻ അദ്ദേഹം അൽപവും ആഗ്രഹിച്ചിരുന്നില്ല എന്ന സംഗതി വ്യക്തമാകും. ഒരു ഉദാഹരണം, കോട്ടയം എം.ഡി. ഹോസ്റ്റലിൽ താമസിച്ചിരുന്ന വിദ്യാർത്ഥികൾ, ബുധനാഴ്ചയും വെള്ളിയാഴ്ചയുള്ള നോയമ്പിൽ നിന്നും വിടുതൽ ലഭിക്കുവാനായി, കോട്ടയത്തെ പ്രമുഖരായ വ്യക്തികൾ മുഖേന തിരുമേനിയോടും ശുപാർശ ചെയ്തു. ഇതു അനുവദിച്ചു കൊടുത്താൽ ക്രമേണ അന്ത്യോഖ്യൻ കാനോന നിയമങ്ങൾ ലംഘിക്കപ്പെടുമെന്നും, തന്മൂലം അന്ത്യോഖ്യൻ ബന്ധം ഉലസുവാൻ ഇടയാകുമെന്നും അത് സഭയുടെ ഭാവിയെ ബാധിക്കുമെന്നുള്ള കാരണം ഉന്നയിച്ച് പ്രസ്തുത ദൗത്യസംഘത്തെ മടക്കിയയക്കുകയുണ്ടായി.

മാവേലിക്കര പുതിയകാവ് വി. മർത്തമറിയം പള്ളിയിൽവച്ച് അഞ്ചാം മാർതോമായും, ശക്രുള്ളബാവയും തമ്മിലുള്ള കൂടികാഴ്ച നടന്നു. പക്ഷെ, നിർഭാഗ്യമെന്ന് പറയട്ടെ, കണ്ണേജപന്മാരുടെയും, കരടകന്മാരുടെയും കുതന്ത്രങ്ങൾക്ക് വിധേയമായിട്ടോ, മറ്റേതെങ്കിലും വിധി വൈപരീത്യം ഹേതുവായോ കൈവയ്പ്പു നൽവരത്തിനായി ശക്രുള്ളബാവായുടെ സമക്ഷം നമ്രശിരസ്കനാകുവാൻ അഞ്ചാം മാർതോമാ കൂട്ടാക്കിയില്ല. വ്രണിതഹൃദയനായ ശക്രുള്ള ബാവയാകട്ടെ, സ്വചിലവിൽ മട്ടാഞ്ചേരിയിൽ പണിതിരുന്ന പള്ളിയിലേയ്ക്ക് മടങ്ങി. അവിടെ താമസിച്ചുകൊണ്ട് മലങ്കരയിലെ പള്ളികൾ സന്ദർശിച്ചുപോന്നു. തന്റെ കൂടെയുണ്ടായിരുന്ന ഒരു കോറെപ്പിസ്കോപ്പായെ ഈവാനിയോസ് എന്ന പേരിൽ മെത്രാനായി വാഴിക്കുകയും സഭയുടെ ഭരണം അദ്ദേഹത്തെ ഏൽപ്പിക്കുകയും ചെയ്തുവെന്നാണ് ചരിത്രം. സന്ന്യാസാഭിമുഖ്യനായിരുന്ന അദ്ദേഹം അദ്ധ്യാത്മികചര്യകളിൽ മുഴുകി ജീവിതം കഴിച്ചു. കണ്ടനാടു വരുമ്പോഴൊക്കെ പള്ളിയുടെ പ്രാന്തപ്രദേശങ്ങളിൽ താമസിച്ചിരുന്ന ഗ്രാമീണരാം കർഷകരുടെ കഷ്ടാരിഷ്ടതകൾ, വിശിഷ്യ അതിവർഷ കാലത്ത് അനുഭവിക്കുന്ന ദുരിതങ്ങൾ നേരിൽകണ്ട് അദ്ദേഹത്തിന്റെ മനസ്സ് അലിഞ്ഞു. കേവലം മനോവ്യഥയിൽ മാത്രം ഒതുങ്ങിയില്ല, ആ ചേതോവികാരം. അത് മനസ്സിൽനിന്നും ചിറപൊട്ടി ഒഴുകുക തന്നെ ചെയ്തു. പള്ളിയിലെ മുതലിൽനിന്നു പാടങ്ങൾ വാങ്ങി കൃഷിചെയ്ത് വിളവ് ജാതിഭേദമെന്യേ വിശക്കുന്നവർക്ക് വിളമ്പുവാനുള്ള വിളംബരം അദ്ദേഹം നടത്തി. പ്രായോഗിക ദൈവശാസ്ത്രത്തിന് ഉത്തമ ഉദാഹരണം! കണ്ടനാട് പള്ളിക്കാർ ശക്രുള്ള ബാവയുടെ ഈ ശട്ടം കെട്ടൽ ശിരസാവഹിച്ചു എന്നുള്ളതിൽ അവർ ആദരവുകൾ അർഹിക്കുന്നു. മാത്രമല്ല അവർ ഈ നിഷ്കർഷയെ, കേരള ഭൂനിയമത്തിന്റെ സാങ്കേതികത പള്ളിസ്വത്തിനെ ചുഴുന്നതുവരെ അനുസരിച്ച് പോന്നു. ഇത് ബാവാ തിരുമേനിയുടെ കൽപനകളോടുള്ള ഭക്തി ബഹുമാനാദരവുകൾ കൊണ്ടായിരുന്നു എന്നുള്ളതിൽ പക്ഷഭേദമില്ല. പ്രസ്തുതനിയമം പള്ളിയുടെമേൽ അശനിപാതംപോലെ പതിച്ചില്ലായിരുന്നുവെങ്കിൽ കണ്ടനാട് പള്ളിയുടെ ഭൂസ്വത്ത് ഇന്നും സാധുജനങ്ങളുടെ അക്ഷയമായ നിധി തന്നെയാകുമായിരുന്നേനെ. മനുഷ്യമനസുകളിൽ വിശുദ്ധനെന്ന ബഹുമാനം ബാവാ തിരുമേനി നേടിക്കഴിഞ്ഞിരിക്കുന്നു. ഈ സ്ഥിതിക്ക് യാക്കോബായ സുറിയാനിസഭ അദ്ദേഹത്തെ അചിരേണ വിശുദ്ധന്മാരുടെ ഗണത്തിലേയ്ക്ക് ഔദ്യോഗികമായി ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. ജനഹിതം ദൈവഹിതം തന്നെയെന്ന ആപ്തവാക്യം അനതിവിദൂരഭാവിയിൽ അംഗീകരിക്കുക തന്നെ ചെയ്യും എന്നതിന്റെ 'ഭാവിശ്രേയപിശൂനശകുനം' സഭാന്തരീക്ഷത്തിൽ ദർശിച്ച് തുടങ്ങിയിരിക്കുന്നത് ഭാവിയിലെ മുന്നാസ്വാദനമത്രെ.

## അഖില മലങ്കര ക്വിസ് മത്സരം

പുണ്യശ്ലോകനായ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയുടെ പാവന സ്മരണാർത്ഥം കുമരകം സെന്റ് ജോൺസ് അറ്റാമംഗലം യാക്കോബായ സുറിയാനി പള്ളിയിലെ യുവജനപ്രസ്ഥാനമായ മോർ ഇഗ്നാത്തിയോസ് യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വർഷം തോറും നടത്തിവരാറുള്ള മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ മെമ്മോറിയൽ എവറോളിംഗം ട്രോഫിക്കുവേണ്ടിയുള്ള 11-ാമത് അഖില മലങ്കര ക്വിസ് മത്സരം ഡിസംബർ 10-ാം തീയതി ഞായറാഴ്ച 9.30 എ.എം. ന് നടത്തപ്പെടുന്നതാണ്. മലങ്കര യാക്കോബായ സുറിയാനിസഭയിലെ എല്ലാ പള്ളികളിൽനിന്നും രണ്ട് അംഗങ്ങൾ വീതം അടങ്ങുന്ന എത്ര ടീമുകൾക്ക് വേണമെങ്കിലും പങ്കെടുക്കാവുന്നതാണ്. ഒരു പള്ളിയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന ടീമുകൾക്ക് 50 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്. (എത്ര ടീമുകൾ ഉണ്ടെങ്കിലും) മത്സരത്തിൽ വിജയികൾ ആകുന്നവർക്ക് ഒന്നാം സമ്മാനമായി മോർ ബസ്സേലിയോസ് പൗലൂസ് ദ്വിതീയൻ മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും 1501 രൂപയും, രണ്ടാം സമ്മാനമായി വാലയിൽ മത്തായി കത്തനാർ എവറോളിംഗ് ട്രോഫിയും 1001 രൂപയും മൂന്നാം സമ്മാനമായി മോർ ഇഗ്നാത്തിയോസ് യൂത്ത് അസോസിയേഷൻ വക 501 രൂപയും എവറോളിംഗ് ട്രോഫിയും നൽകുന്നതാണ്. കൂടാതെ മത്സരത്തിലെ ആദ്യത്തെ പത്ത് സ്ഥാനക്കാർക്ക് ആകർഷകങ്ങളായ പ്രോത്സാഹന സമ്മാനങ്ങളും ലഭിക്കുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും ഭക്ഷണവും ദൂരെ സ്ഥലങ്ങളിൽനിന്നും മുൻകൂട്ടി എത്തുന്നവർക്ക് താമസസൗകര്യവും ക്രമീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഈ ഫോൺ നമ്പരുമായി ബന്ധപ്പെടുക.

**ഫോൺ. 0481 - 2525533**

**98466449977, 9446503549, 9446057893, 9447504888**

# എഡിറ്റോറിയൽ

## കേരളം 50 വർഷം പിന്നിടുന്നു

കേരളസംസ്ഥാനം രൂപീകൃതമായിട്ട് 50 വർഷം. സന്തോഷം നൽകുന്ന നിമിഷങ്ങൾ. വളർച്ചയുടെയും പുരോഗതിയുടെയും കഥപറയുന്ന 50 വർഷങ്ങൾ. കഴിഞ്ഞ 50 വർഷത്തെ ജനാധിപത്യസർക്കാരുടെ ഭരണത്തിൽ ഉണ്ടായ വളർച്ച വിലയിരുത്തപ്പെടേണ്ട സമയമാണിത്. എല്ലാഅർത്ഥത്തിലും പൂർണ്ണമായി നമ്മൾ വിജയിച്ചോ എന്ന് പുനർവിചിന്തനം ചെയ്യുന്നത് നല്ലതായിരുന്നു. നമ്മോടൊപ്പം രൂപികൃതമായ അയൽ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുന്നത് അഭികാമ്യമാണ്. എവിടെയൊക്കെ നമ്മൾ വിജയിച്ചു. ഏതെല്ലാം മേഖലകളിൽ പരാജയം നേരിട്ടുവെന്നത് പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്. നമ്മുടെ സർക്കാർ മുൻപോട്ടുവച്ച പരിപാടി താഴേതട്ടിലുള്ള ജനങ്ങളിൽ എത്തിയോ. ബന്ദുകളും ഹർത്താലുകളും പണിമുടക്കുകളും നമുക്ക് സമ്മാനിച്ചതെന്താണ്? വിദ്യാഭ്യാസമേഖലയിലെ വളർച്ച നിലനിർത്താൻ സാധിക്കുന്നുണ്ടോ? വിദ്യാഭ്യാസം നേടി പുറത്തുവരുന്നവർക്കുള്ള ജോലിസാദ്ധ്യതകൾ എത്രയുണ്ട്? സമൂഹത്തിന്റെ താഴേ തട്ടിലുള്ളവരെ വിദ്യാഭ്യാസപരമായി ഉയർത്താൻ ഗവൺമെന്റ് എന്തു നടപടികളാണ് ചെയ്യുന്നത്. സ്വകാര്യമേഖലക്കാർ എന്നുപറഞ്ഞുകൊണ്ട് സർക്കാരിന് അവരുടെ ഉത്തരവാദിത്വങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാൻ സാധിക്കുമോ? കാർഷികമേഖല ലക്ഷ്യപ്രാപ്തിയിൽ എത്തിയോ? എല്ലാത്തരം കാർഷികയുൽപന്നങ്ങളിൽനിന്നും കർഷകർക്ക് വില കിട്ടുന്നില്ല. ഉൽപാദന ചെലവുകൾ കൂടിക്കൊണ്ടിരിക്കുന്നു. എന്നാൽ ഉൽപാദനം വേണ്ട രീതിയിൽ വർദ്ധിക്കുന്നില്ല. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ എല്ലാം നഷ്ടത്തിലാണ്. ശരിയായ ആസൂത്രണം ഈ രംഗത്തിനില്ല. അഴിമതി മറ്റൊരു തീരാശാപം. ഉന്നതതലങ്ങളിൽതൊട്ട് താഴേതട്ടിൽവരെ അഴിമതി വ്യാപിച്ച് കിടക്കുന്നു. ആദർശശുദ്ധിയുള്ള ഭരണാധികാരികൾ കുറവാണ്. രാഷ്ട്രീയക്കാർ ഉന്നതമേധാവികൾ ഉൾപ്പടെയുള്ളവർ അഴിമതിയുടെ കാര്യത്തിൽ യോജിപ്പാണ്. ഇതുമാറിയേ മതിയാകൂ. വർഗ്ഗീയതയും സ്വജനപക്ഷപാദവും വർദ്ധിച്ചുവരുന്നു. എല്ലാരംഗങ്ങളും വർഗ്ഗീയവൽകരപ്പെട്ടിരിക്കുന്നു. സ്ഥാനാർത്ഥി നിർണ്ണയം മുതൽ എല്ലാ മേഖലകളിലും പലരും വിജയിക്കുന്നത് വർഗ്ഗീയ വോട്ടുകൾകൊണ്ടാണ്. വർഗ്ഗീയതയ്ക്കെതിരെ പ്രസംഗിക്കുകയും വർഗ്ഗീയതയിലൂടെ സ്ഥാനം നിലനിറുത്തുന്ന പ്രവണതയാണ് ഇപ്പോളുള്ളത്. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ വിജയങ്ങൾ ഒരിക്കലും വിസ്മരിക്കാൻ സാധിക്കുകയില്ല. നമ്മുടെ പരാജയങ്ങൾ വിജയത്തെ ദുർബ്ബലപ്പെടുത്തുന്നു. ഈ സ്ഥിതി മാറണം. തെറ്റുകൾ തിരുത്തി മുന്നേറാനുള്ള ഇച്ഛാശക്തി നമ്മുക്കുണ്ടാകണം. നാടിനെ നന്മയിലേയ്ക്ക് നയിക്കാൻ കെൽപ്പുള്ള രാഷ്ട്രീയ നേതൃത്വമാണ് ഉണ്ടാവേണ്ടത്. അപ്പോൾ ഒഴുക്കിനനുസരിച്ച് ജനങ്ങൾ താനെ ചോർന്നുകൊള്ളും. അഴിമതിരഹിതവും, വർഗ്ഗീയ വിരുദ്ധവും, വികസനോന്മുകമായ കേരളമാകട്ടെ നമ്മുടെ ലക്ഷ്യം.

## മട്ടമ്മേൽ അച്ചന്റ ശവസംസ്കാരം

മെത്രാൻ കക്ഷിയിലെ കണ്ടനാട് ഇടവകയിലെ വൈദീകന്റെ നിര്യാണത്തെത്തുടർന്ന് യാക്കോബായ സഭ സ്വീകരിച്ച നിലപാട് അഭിനന്ദനീയംതന്നെ. ഏതുകക്ഷിയായാലും മൃതദേഹം വച്ച് വിലപറയുന്ന രീതി അഭികാമ്യമല്ല. അത് സംസ്കാരമുള്ള മനുഷ്യന് ചേർന്നതല്ല. പുതുപ്പള്ളി പള്ളി വികാരിയായിരുന്ന വന്ദ്യ കടയന്തുരത്തിൽ അച്ചന്റെ മൃതദേഹം അദ്ദേഹം 40 വർഷം വികാരിയായിരുന്ന പള്ളിയിൽ സംസ്കരിക്കുന്നതിന് എതിർവിഭാഗം സമ്മതിച്ചില്ല.  പക്ഷെ അതിൽനിന്നും വ്യത്യസ്ത നിലപാടാണ് ശ്രേഷ്ഠ ബാവാതിരുമേനിയും കണ്ടനാട് പള്ളി വികാരി വന്ദ്യ പുന്നച്ചാലിൽ ജോൺ കോറെപ്പിസ്കോപ്പയും, സഭയുടെ സെക്രട്ടറി തമ്പു ജോർജ്ജ് തുകലനും സ്വീകരിച്ചത്. ശവസംസ്കാരത്തിന് കക്ഷിവഴക്ക് പ്രതിബന്ധമാകാൻ പാടില്ല. അനേകം യാക്കോബായ വിശ്വാസികളുടെ ശവസംസ്കാരത്തിന് മെത്രാൻകക്ഷിക്കാർ പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. കണ്ടാനാട് ഇടവക സ്വീകരിച്ച സമീപനം അവർക്കും മാതൃകയാകട്ടെ.

## ശ്രീ. എ.കെ. ആന്റണിക്ക് ആശംസകൾ

ബഹു.ശ്രീ.എ.കെ. ആന്റണി കേന്ദ്ര പ്രതിരോധ മന്ത്രിയായിരിക്കുന്നു. എല്ലാ മലയാളികൾക്കും അഭിമാനം നൽകുന്ന ഉജ്ജ്വല മുഹൂർത്തം. രാജ്യത്തെ ഭരണസംവിധാനത്തിലെ സുപ്രധാന വകുപ്പാണ് പ്രതിരോധ വകുപ്പ്. മുൻപ് പ്രഗൽഭനായ ശ്രീ. വി.കെ. കൃഷ്ണമേനോൻ വഹിച്ച സ്ഥാനം. ഇന്നു നമ്മുടെ നാട്ടിൽ നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന പല മൂല്യങ്ങൾ നിലനിർത്തുന്ന വ്യക്തിയാണ് ശ്രീ. ആന്റണി. അദ്ദേഹം പുലർത്തുന്ന സത്യസന്ധതയും ആദർശശുദ്ധിയുമാണ് ഈ അംഗീകാരത്തിന് പ്രധാന കാരണം. താൻ മുൻപ് വഹിച്ചിരുന്ന സ്ഥാനങ്ങളിൽ പൂർണ്ണമായി വിജയിച്ചോ, പൂർത്തീകരിച്ചോ എന്നതിലുപരി താൻ ഏറ്റ കർത്തവ്യങ്ങൾ സത്യസന്ധമായി നിർവ്വഹിച്ചോ എന്നുള്ളതാണ് പ്രധാനചോദ്യം. ഇന്ന് കോടികളുടെ അഴിമതി നടക്കുന്ന വകുപ്പാണ് പ്രതിരോധം. മുൻപ് ഈ വകുപ്പ് ഭരിച്ചിരുന്ന പലരും അഴിമതി ആരോപണത്തിന് വിധേയരായവരാണ്. പക്ഷെ അതിൽനിന്നെല്ലാം വ്യത്യസ്തത പുലർത്താൻ ശ്രീ. ആന്റണിക്ക് സാധിക്കുമെന്ന നിസംശയം പറയാം. യാക്കോബായ സഭാപ്രശ്നങ്ങൾ ശരിയായ രീതിയിൽ മനസ്സിലാക്കിയ വ്യക്തിയാണ് ശ്രീ.ആന്റണി. അദ്ദേഹത്തിന്റെ ഭരണകാലത്ത് ബഹു. ഗവൺമെന്റ് കോടതിയിൽ സ്വീകരിച്ച പലനടപടികളും യാഥാർത്ഥ്യം ഉൾകൊണ്ടുകൊണ്ടായിരുന്നു. ശ്രേഷ്ഠ ബാവാ തിരുമേനിയുമായി വളരെ അടുത്തബന്ധം പുലർത്തുന്നയാളാണ് ശ്രീ. ആന്റണി. അദ്ദേഹത്തിന്റെ സ്ഥാനലബ്ദിയിൽ ബാവ തിരുമനസ്സ് വളരെ സന്തോഷവാനാണ്. പുതിയ ഈ പ്രവർത്തനമണ്ഡലത്തിൽ അദ്ദേഹം വിജയിക്കട്ടെ എന്ന് ആശംസിക്കാം.

## S.O.C.M. ഫോറത്തിന് ആശംസകൾ

യാക്കോബായ സഭ വിശ്വാസികളുടേതായ സിറിയൻ ഓർത്തഡോക്സ ഇന്റർനെറ്റ് ചർച്ചാവേദി 6 വർഷം പിന്നിടുകയാണ്. വളരെ അഭിമാനകരമായ സന്ദർഭമാണിത്. സഭയുടെ സത്യവിശ്വാസം വികലമാക്കാതെ അടുത്ത തലമുറയ്ക്ക് പകർന്ന് കൊടുക്കുക എന്നതാണ് ഫോറത്തിന്റെ പ്രധാന ദൗത്യം. മെത്രാൻകക്ഷി വിഭാഗം ഇന്റർനെറ്റിലൂടെ പരി. സഭയ്ക്ക് എതിരെ ബഹുമുഖ അക്രമങ്ങളാണ് അഴിച്ചുവിട്ടിരിക്കുന്നത്. ഇതിനെ പ്രതിരോധിക്കുവാൻ ഒരു ചെറിയ അളവിലെങ്കിലും ഫോറത്തിന് സാധിക്കുന്നുണ്ട്. പരി. സഭയുടെ ചരിത്രം പാരമ്പര്യം, വിശ്വാസം എന്നിവ ചോദ്യം ചെയ്തുകൊണ്ട് അത് തങ്ങളുടെ താൽപര്യത്തിന് ഉപയോഗിക്കുവാനുള്ള ശ്രമം വളരെ വലുതാണ് ഇവയെ നേരിടുവാൻ നമ്മുക്ക് സാധിക്കുന്നുണ്ടോ എന്ന് വിലയിരുത്തപ്പെടേണ്ടതാണ്. കൂടെ സഭയുടെ പിതാക്കന്മാരെയും പാരമ്പര്യത്തെയും നിന്ദ്യമായ രീതിയിലാണ് മെത്രാൻ കക്ഷികൾ അവതരിപ്പിക്കുന്നത്. അവർ ഉപയോഗിക്കുന്ന ഭാഷയിൽ മറുപടി പറയാൻ നമ്മുക്ക് സാധിക്കുകയില്ല. പക്ഷെ അവയെ പ്രതിരോധിച്ചില്ലെങ്കിൽ പല തെറ്റിധാരണകൾക്കും അവസരം ഉണ്ടാകും. അപ്പോൾ ശക്തമായ നിലപാടുകൾ നമ്മുക്കും സ്വീകരിക്കേണ്ടിവരും. അതാണ് വിശ്വാസസംരക്ഷകൻ പോലുള്ള പ്രസിദ്ധീകരണങ്ങളിൽ കാണുവാൻ സാധിക്കുന്നത്. **S.O.C.M.**ഫോറത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് വിദേശത്തും, സ്വദേശത്തുമുള്ള കുറച്ച് ചെറുപ്പക്കാരാണ്. ചേപ്പാട് കരിപ്പനയ്ക്കൽ തോമസ് ദാനിയേൽ റെജി  ഈ സംരംഭത്തിന് നേതൃത്വം നൽകുന്നു. യാതൊരു ലാഭേച്ഛയും പ്രതീക്ഷിക്കാതെ ഇവർ ചെയ്യുന്ന നിസ്വാർത്ഥമായ പ്രവർത്തനങ്ങൾ എത്ര അഭിനന്ദിച്ചാലും മതിയാവില്ല. ഇവരുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും ആവശ്യമാണ്. ഇന്റർനെറ്റ് ഉപയോഗം വർദ്ധിച്ച് വരുന്ന ഈ കാലയളവിൽ ഫോറവുമായി സഹകരിക്കുവാൻ നമ്മുക്ക് സാധിക്കും. കൂടുതൽ കർമ്മശേഷിയോടെ പ്രവർത്തിക്കുവാൻ ഫോറം പ്രവർത്തകർക്ക് കഴിയട്ടെ എന്ന് നമ്മുക്ക് പ്രാർത്ഥിക്കാം, ആശംസിക്കാം.

**ബിബി എബ്രഹാം കടവുംഭാഗം**

## ജന്മദിന ആശംസകൾ





**നവംബർ 10 ന് 46–ാം ജന്മദിനം ആഘോഷിക്കുന്ന ജോസഫ് മോർ ഗ്രിഗോറിയോസ് തിരുമേനിക്കും, നവംബർ 12 ന് 43–ാം ജന്മദിനം ആഘോഷിക്കുന്ന പത്രോസ് മോർ ഒസ്താത്തിയോസ് തിരുമേനിക്കും, നവംബർ 14 ന് 41–ാം ജന്മദിനം ആഘോഷിക്കുന്ന ഗീവർഗീസ് മോർ കുറിലോസ് തിരുമേനിക്കും വിശ്വാസസംരക്ഷകന്റെ ആശംസകൾ**

## ദൈവീക നൽവരങ്ങൾ പ്രാപിക്കുക. മോർ സേവേറിയോസ്



റാന്നി. ദൈവസ്നേഹത്തിലധിഷ്ഠിതമായി ആത്മീയ നൽവരങ്ങൾ പ്രാപിക്കുന്നവർ ലഭിച്ചതായ ഉൾകാഴ്ചകൾ ലോകത്തോട് പ്രഘോഷിക്കുന്നവരും ദൈവപ്രവർത്തനങ്ങൾ ജീവിതത്തിൽ എപ്രകാരം ജീവിതത്തിൽ വ്യാപരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നവരാകണമെന്നും മലങ്കര സുറിയാനി ക്നാനായ ഭദ്രാസനാധിപൻ കുറിയാക്കോസ് മോർ സേവേറിയോസ് ഉത്ബോധിപ്പിച്ചു. റാന്നി സെന്റ് മേരീസ് സിംഹാസന പള്ളിയുടെ സുവർണ്ണ ജൂബിലി പൊതുസമ്മേളനം നവംബർ 4 ന് ഉത്ഘാടനം ചെയ്യുകയായിരുന്നു മെത്രാപ്പോലീത്ത. സത്യവിശ്വാസത്തിൽ നമ്മെ വഴി നടത്തിയ പിതാക്കന്മാരുടെ വിശ്വാസവും പാതയും പിന്തുടരുവാൻ നമ്മുക്ക് കഴിയണമെന്ന് അദ്ധ്യക്ഷത വഹിച്ച സിംഹാസപള്ളിയുടെ സഹായമെത്രാപ്പോലീത്തയും മഞ്ഞനിക്കര ദയറാ തലവനുമായ ഗീവറുഗീസ് മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത പറഞ്ഞു. മനുഷ്യന്റെ ഇച്ഛാശക്തിയിലൂടെയാണ് ദൈവഹിതം അറിയപ്പെടുന്നത്. ഈ അനിവാര്യത കന്യകമറിയാമിനുണ്ടായിരുന്നതുപോലെ  നമ്മിലുമുണ്ടാകണം. മറ്റുള്ളവരെ കരുതുന്നതിലൂടെ അദ്ധ്യാത്മികത വെളിവാക്കുവാൻ അപ്പോൾ നമ്മുക്ക് കഴിയുമെന്ന് മുഖ്യപ്രഭാഷണം നടത്തിയ മാർത്തോമാ സഭാനിലയ്ക്കൽ ഭദ്രാസനാധിപൻ ഗീവറുഗീസ് മോർ അത്താനാസിയോസ് അഭിപ്രായപ്പെട്ടു. രാജു ഏബ്രഹാം എം.എൽ.എ. സുവനീർ പ്രകാശനം ചെയ്തു.

വെരി. റവ. എ.പി. ജോസഫ് കോറെപ്പിസ്കോപ്പ, വെരി.റവ. തേക്കാട്ടിൽ ഏബ്രഹാം കോറെപ്പിസ്കോപ്പ, വെരി. റവ. തറയിൽ ടി. വി. തോമസ് കോറെപ്പിസ്കോപ്പ, വെരി. റവ. തെങ്ങുംതറയിൽ ഗീവർഗീസ് റമ്പാൻ, ഫാ. എൻ.സി. മാത്യു, ഫാ. ഫ്രാൻസീസ് വാലുമണ്ണേൽ, ഫാ. രാജൻ കുളനട, റവ. തോമസ് മാത്യു, ഫാ. ഗീവർഗീസ് ഈട്ടിമൂട്ടിൽ, ജോൺ മാത്യു (പഞ്ചായത്ത് പ്രസിഡന്റ്) എന്നിവർ പ്രസംഗിച്ചു.

**Editorial Board**

Very. Rev. Kuriakose Corepiscopa Moolayil (Chairman)
Very. Rev. Elias Ramban Kozhipparambathu (Vice Chairman)
Rev. Fr. Kuriakose T. Abraham
Thomas Daniel (Reji), Cheppaud
Chev. K.O. Mathew, Konkara
Dr. Thomas Joseph
Prof. A.P. Eltho, Appackal
Prof. T.C. Thomas Thandasseril
Nibu M. John Chennithala
John Philip Kottapparampil
Biju Kurian Mathew
Manoj Mathew, Aryadanpakkal
C.K. Joy
Aju Mathew Mundackal (Circulation)
Chev.P.V. John, Punnamattom (Manager)
Bibby Abraham Kadavumbhagom (Chief Editor)

Internet Edition Owned and supported by http://www. moradaistudycentre.cjb.net Cheeranchira, Changanacherry 686106 India

**Advisory Board**

Chairman: Thampu George Thukalan (Sabha Secretary)
Cammander George Mathew Thekkethalackal (Sabha Trusty)
Prof. Chev. M.A. Paulose
Chev. K.V. Paulose
Dr.K.C. Rajan
Chev. P.K. Paulose Kooran
Ommachen Venkadathu
Chev. Moncy Vavachen
Rev.Dn. Dr. Paul Samuel
Dr. Sinu P. John
Baby Gleeson Zacharia
Chev. Thomas Abraham
Babu Maracheril
Babu  Jacob Nadayil

# ആരക്കുന്നം സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ

# 2-ാം ഇടവക സംഗമം

## 2006 നവംബർ 19-ാം തീയതി ഞായറാഴ്ച

## ശ്രേഷ്ഠ കാതോലിക്ക ബാവായ്ക്കും നവാഭിഷിക്തരായ മെത്രാപ്പോലീത്താമാർക്കും മന്ത്രി കമാൻണ്ടർ റ്റി.യു. കുരുവിളയ്ക്കും സ്വീകരണം

### ചരിത്രത്താളുകളിലൂടെ

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആരക്കുന്നത്തും പരിസരപ്രദേശങ്ങളിലും പാർത്തിരുന്ന ക്രിസ്ത്യാനികൾക്ക് ആരാധനയിൽ സംബന്ധിക്കുന്നതിനും ആത്മീയാനുഷ്ഠാനങ്ങൾനടത്തിക്കിട്ടുന്നതിനും ബഹദൂരം സഞ്ചരിക്കേണ്ടിയിരുന്നു. മുളന്തുരുത്തി, നെച്ചൂർ, തെക്കൻ പറവൂർ, പിറവം, കുറിഞ്ഞി തുടങ്ങിയ അക്കാലത്തെ പ്രസിദ്ധങ്ങളായ പള്ളികളിൽ ഇടവകക്കാരായിരുന്നു ഈ ദേശവാസികൾ. ക്ലേശപൂർണ്ണമായ പ്രസ്തുത യാത്രകൾ ഒഴിവാക്കുവാൻ അവർ ആരക്കുന്നത്ത് ഒരു ദൈവാലയം ഉണ്ടാകണമെന്ന് സ്വഭാവികമായും ആഗ്രഹിച്ചു. 1901 -ന്റെ ആരംഭത്തിൽ അന്ന് ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്ന ക്രൈസ്തവ കുടുംബാംഗങ്ങളെ പ്രതിനിധീകരിച്ച് കുറച്ച് വിശ്വാസികൾ വെട്ടിക്കൽ ദയറായിൽ എത്തി. വന്ദ്യ യാക്കോബ് റമ്പാച്ചനെ കണ്ട് വിവരങ്ങൾ ധരിപ്പിച്ചു. അദ്ദേഹം മുഖേനയായി അന്നത്തെ മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന നി.വ.ദി.ശ്രീ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തയെ സന്ദർശിച്ച് ഈ ദേശത്തിന്റെ ആത്മീയ മക്കളുടെ സങ്കടങ്ങൾ അറിയിച്ച പ്രകാരം ഒരു ദൈവാലയം നിർമ്മിക്കുന്നതിന് അനുഗ്രഹ കൽപനയുണ്ടായി.1902 ഫെബ്രുവരി 23 ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ദൈവമക്കളുടെ ഒരു ചിരകാലാഭിലാഷം പൂവണിയിക്കപ്പെട്ട മഹാസുദിനമായിരുന്നു. പുലിക്കോട്ടിൽ തിരുമേനിയുടെ നിർദ്ദേശപ്രകാരം അന്ന് നിരണം ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന നി.വ.ദി.ശ്രീ. ഗീവർഗീസ് മോർ ഗ്രിഗോറിയോസ് (കൊച്ചു തിരുമേനി) മെത്രാപ്പോലീത്ത അയ്യമ്പിള്ളിപള്ളി സന്ദർശിച്ചശേഷം തെക്കൻ പറവൂർ പള്ളിയിലെത്തി. വിശ്രമിച്ചു. സന്തതസഹചാരിയായിരുന്ന തോപ്പിൽ ലൂക്കോസ് കോറെപ്പിസ്കോപ്പായുടെ നേതൃത്വത്തിൽ ഈ ദേശവാസികളിൽ കാരണവൻമാരുടെ സഹകരണത്തിലും കൊച്ചുതിരുമേനിയെ മഞ്ചലിൽ ആരക്കുന്നത്തേയ്ക്ക് ആനയിച്ചു. 1902 ഫെബ്രുവരി മാസം 23-ാം തീയതി ഞായറാഴ്ച ബലശാലിയും രക്തസാക്ഷിയും നമ്മുടെ കാവൽഭടനും സഭയുടെ നെടുംതൂണും പ്രഗത്ഭ വാഗ്മിയും പരി. അന്ത്യോഖ്യാ സിംഹാസനത്തിനു വേണ്ടി ധീരമായി നിലനിന്ന ചെമ്പിലച്ചനെ പരി. പാത്രിയർക്കീസ് ബാവ കോറെപ്പിസ്കോപ്പയായി വാഴിച്ചു. കോറൂസോസോദശ്റോറോ എന്ന ബഹുമതിയും നൽകി ആദരിച്ചു. കൊച്ചി ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്ത ആയിരുന്ന നി.വ.ദി.ശ്രീ. പൗലൂസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായ്ക്ക് കോറുയോസ്ഥാനം നൽകിയത് ഈ പള്ളിയിൽ വച്ചായിരുന്നു. 1927 ഫെബ്രുവരി 23 ന് കർത്താവിന്റെ ഇഷ്ടനും കുതിരമേൽ വാഹനമേറിയവനുമായ മോർ ഗീവർഗീസ് സഹദായുടെ നാമം വിളിച്ച് ദൈവത്തോട് പ്രാർത്ഥിച്ച് പരിശുദ്ധ തിരുമേനി ആദ്യശിലയിട്ടു. തുടർന്ന് വിശുദ്ധ കുർബ്ബാനയർപ്പിച്ചു. നമ്മെ - ഈ ദേശത്തെ - ജാതിമത, വർഗ്ഗ, വർണ്ണ, പണ്ഡിത - പാമര, ധനിക - ദരിദ്ര ഭേദമെന്യെ എല്ലാവരെയും അനുഗ്രഹിച്ച പുണ്യവാന്റെ മഹാപൗരോഹിത്യത്തിന്റെ വലിയ നാളുകളിൽ അവസാനമായി കല്ലിട്ട് അനുഗ്രഹിച്ച ദൈവാലയവും ഇതുതന്നെ. ഇന്നു കാണുന്ന ദൈവാലയത്തിന്റെ പണി പൂർത്തിയാക്കുവാൻ കൊല്ലവർഷം 1104-ൽ കോട്ടയം, നിരണം, തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തയും സത്യവിശ്വാസത്തിനുവേണ്ടി ധീരമായി പോരാടിയ മലങ്കരയുടെ ഗർജ്ജിക്കുന്ന സിംഹം എന്നറിയപ്പെടുന്ന മലങ്കര സഭയുടെ അഭിമാനഭാജനവും ഭാഗ്യസ്മരണാർഹനുമായ മീഖായേൽ മോർ ദിവന്യാസിയോസ് തിരുമേനി ആറുമാസക്കാലം ഈ പള്ളിയിൽ താമസിച്ച് വേണ്ട നേതൃത്വം നൽകി ഈ വന്ദ്യപിതാവിന്റെ ഓർമ്മ ജനുവരി 20 ന് ആണ്ടുതോറും ആഘോഷിച്ചു വരുന്നു. പള്ളിയിലെ പ്രധാന ത്രോണോസ്സ് വി. ഗീവർഗീസ് സഹദായുടെയും വടക്കേ ത്രോണോസ് മോർ തോമാശ്ലീഹായുടെയും തെക്കെ ത്രോണോസ് മോർ യൂഹാനോൻ മാംദോനയുടെയും നാമത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ആരംഭത്തിൽ വളരെ ചുരുക്കം കുടുംബക്കാർ ഉണ്ടായിരുന്നുള്ളുവെങ്കിലും ഇന്ന് ആയിരത്തോളം വീട്ടുകാരുള്ള ഇടവകയായി ഇത് വളർന്നിരിക്കുന്നു. പള്ളിയുടെ ആദ്യത്തെ വികാരിയായി വെരി. റവ. തോപ്പിൽ ലൂക്കോസ് കോറെപ്പിസ്കോപ്പായെയും സഹവികാരിയായി വടകര തറയപ്പെട്ടി അച്ചനെയും നിയമിച്ചു. 1910 ന് ശേഷമാണ് ഇടവകയിലെ പട്ടക്കാർ ശുശ്രൂഷ നടത്തിവന്നത്.



പരി. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ തിരുമനസ്സ്





ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവ തിരുമനസ്സ്



ഇടവക മെത്രാപ്പോലീത്ത ജോസഫ് മോർ ഗ്രിഗോറിയോസ് തിരുമനസ്സ്



കുറിയാക്കോസ് മോർ ദിയസ്കോറോസ് മെത്രാപ്പോലീത്ത തിരുമനസ്സ്



ഈ പള്ളിയുടെ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് പൗലോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത പള്ളിയുടെ മൂറോൻ കൂദാശ നിർവ്വഹിച്ചു. അതേ കാലയളവിൽത്തന്നെ ഈ ഇടവകയിലെ പ്രഥമ വികാരിയായിരുന്ന ചിറ്റേത്ത് ജോസഫ് അച്ചന് (വല്യച്ചൻ) കോറെപ്പിസ്കോപ്പാ ബഹുമതിയും ലഭിച്ചു. ആരക്കുന്നത്ത് പള്ളിക്ക് നഷ്ടപ്പെടുമായിരുന്ന പലതിനെയും സംരക്ഷിച്ച് വിശ്വാസ സംരക്ഷണത്തിന് വേണ്ടി പ്രവർത്തിച്ച വെട്ടിക്കാട്ടിൽ വി.പി. പൗലോസ് അച്ചനെ ശ്രേഷ്ഠ കാതോലിക്ക മോർ ബസേലിയോസ് പൗലൂസ് ദ്വിതീയൻ ബാവ തിരുമനസ്സുകൊണ്ട് കോറെപ്പിസ്കോപ്പാ സ്ഥാനം നൽകി ആദരിച്ചു. ഈ ഇടവകയിൽപ്പെട്ടവരും ഇപ്പോൾ വിവിധ സ്ഥലങ്ങളിൽ സേവനമനുഷ്ഠിക്കുന്നവരുമായ ബഹു. മൂലേത്തടത്തിൽ എബ്രഹാം കശീശ്ശ, വെട്ടിക്കാട്ടിൽ റോയിപോൾ കശീശ്ശ, മണക്കാട്ട് ഗീവർഗീസ് കശീശ്ശ, കൊടിമറ്റത്തിൽ ഓലിക്കൽ ജോർജ്ജ് കശീശ്ശ എന്നിവരെയും ഇത്തരുണത്തിൽ ഓർക്കുന്നു. മലേക്കുരിശ് ദയറാധിപൻ നി.വ.ദി.ശ്രീ. കുര്യാക്കോസ് മാർ ദിയസ്കോറോസ് മെത്രാപ്പോലീത്ത, നിലമ്പൂർ താമസമാക്കിയിരിക്കുന്ന കെടിമറ്റത്തിൽ കെ.എം. കുര്യാക്കോസ് കശീശ്ശ, ദിവംഗതനായ ഓലിക്കൽ എബ്രഹാം കശീശ്ശ എന്നിവരും ഈ ഇടവകാംഗങ്ങളാണ്.



വികാരി ഫാ. ഷമ്മി ജോൺ എരമംഗലത്ത്



സഹവികാരി ഫാ. ജേക്കബ് ചിറ്റേത്ത്



വികാരി ഫാ. സജി കുര്യക്കോസ്

**വിവാഹധനസഹായ വിതരണം, കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തൻ പുവർ റിലീഫ് ഫണ്ടിന്റെ ആഭിമുഖ്യത്തിൽ ഭവനദാനം * സ്കോളർഷിപ്പ് വിതരണം * വസ്ത്രദാനം കുടുംബയൂണിറ്റുകളുടെ റാലി, വിവിധ കലാപരിപാടികൾ**

## ആരക്കുന്നം പള്ളി 22-ാം ഇടവക സമാജം

### വികാരി ഫാ. ഷമ്മി ജോൺ എരമംഗലത്ത്

യാക്കോബായ സുറിയാനിസഭയിൽ അറിയപ്പെടുന്ന ദൈവാലയങ്ങളിൽ ഒന്നാണ് ആരക്കുന്നം സെന്റ് ജോർജ് യാക്കോബായ പള്ളി. 1000 ത്തോളം ഇടവകക്കാരുള്ള ഈ പള്ളി കൊച്ചി ഭദ്രാസനത്തിൽപ്പെട്ടതാണ്. 7-8 കിലോമീറ്റർ വിസ്താരത്തിൽ വ്യാപിച്ചു കിടക്കുന്ന ഈ ഇടവക മലങ്കരയുടെ പരിശുദ്ധനായ ചാത്തുരത്തിൽ മോർ ഗ്രിഗോറിയോസ് തിരുമേനി ഏറ്റവും അവസാനമായി അടിസ്ഥാനമിട്ട് വി. കുർബ്ബാന അർപ്പിച്ചതാണ്. 104 കൊല്ലം പഴക്കമുള്ള ഈ ദൈവാലയം അതിന്റെ ഇടവകയെ 50-60 വീടുകൾ വീതമുള്ള 16 യൂണിറ്റുകളായി തിരിച്ച് ഓരോ യൂണിറ്റിനും പ്രത്യേകം പേരുകൾ നൽകിയിരിക്കുന്നു. എല്ലാ യൂണിറ്റുകളിലും എല്ലാമാസവും യോഗങ്ങൾ നടന്നുവരുന്നു. പ്രാർത്ഥന, വേദവായന കുട്ടികളുടെയും മുതിർന്നവരുടെയും പ്രസംഗം, സംഗീതം, ബൈബിൾ ടെസ്റ്റ്, ബൈബിൾ ക്വിസ് എന്നിവ നടന്നുവരുന്നു. കൂടാതെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ വളരെയേറെ സജീവമായിരിക്കുന്നു. ഓരോ യൂണിറ്റിന്റെയും അംഗങ്ങളെ ഒരു കുടുംബമെന്ന നിലയിൽ കാണുവാനും ദു:ഖങ്ങളിലും പ്രയാസങ്ങളിലും ആശ്വസിപ്പിക്കുവാനും സാമ്പത്തിക കൈത്താങ്ങലുകൾ നൽകുവാനും യൂണിറ്റുകൾക്ക് കഴിയുന്നുണ്ട്. ഈ യൂണിറ്റുകൾ ആരംഭിച്ചിട്ട് 2 വർഷം തികഞ്ഞിരിക്കുന്നു. ഇതിന്റെ ആഘോഷം ഇടവക സംഗമമായി നവംബർ 19 ന് ആഘോഷിക്കുകയാണ്. ഈ വർഷം ഈ ഇടവകയിലെ പാവപ്പെട്ട 2 യുവതികൾക്ക് വിവാഹധനസഹായം നൽകുന്നുണ്ട്. ഈ തുക കുടുംബ യൂണിറ്റുകൾ തന്നെ ശേഖരിക്കുന്നതാണ്. കൂടാതെ പള്ളിയുടേതായി ഒരു മാസിക ആരംഭിച്ചിരിക്കുന്നു. ഇതിന്റെ പേര് ഗത്സിമോൻ എന്നാണ്. അതിന്റെ പ്രസിദ്ധീകരണവും അന്നേദിവസം നടക്കുകയാണ്. കൂടാതെ ഞങ്ങളുടെ ഇടവക മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് അദ്ദേഹത്തിന്റെ മെത്രാപ്പോലീത്തൻ പുവർ റിലീഫ് ഫണ്ടിൽനിന്നും ഈ ഇടവകയിലെ പാവപ്പെട്ടവർക്ക് 2 ഭവനങ്ങൾ പണിത് നൽകുന്നതിന്റെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള വസ്ത്രവിതരണവും അഭിവന്ദ്യ തിരുമേനി നിർവ്വഹിക്കും. അന്നേദിവസം വൈകിട്ട് 4.30 ന് കിഴക്കിന്റെ കാതോലിക്ക ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ ബാവായ്ക്കും നവാഭിഷിക്തരായ തിരുമേനിമാർക്കും സ്വീകരണവും നൽകപ്പെടുകയാണ്. എല്ലാംകൊണ്ടും നവംബർ 19 ആരക്കുന്നം ഇടവകയെ സംബന്ധിച്ചിടത്തോളം വലിയ ഉത്സവ പ്രതീതിയാണ്. ജീവകാരുണ്യപ്രവർത്തനങ്ങളിൽ ജാതിമതഭേതമെന്യെ മുന്നിൽനിന്നു പ്രവർത്തിക്കുന്ന ഈ പള്ളി എല്ലാവർക്കും ഒരു മാതൃകയാണ്. ഇനിയും വളരെയേറെ പ്രവർത്തിക്കാൻ പരി. ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള ഈ ദൈവാലയത്തിന് സർവ്വേശരൻ കൃപ ചെയ്ത് അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# കണ്ണ്യാട്ട് നിരപ്പേൽ, കണ്ടനാട് എന്നീ പള്ളികളും നിലവിലുള്ള പ്രശ്നങ്ങളും

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി



കണ്ടനാട് വിശുദ്ധ മർത്തമറിയം പള്ളി യാക്കോബായ സഭയുടെ കണ്ടനാട് ഭദ്രാസനത്തിലെ തലപ്പള്ളിയാണ്. കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ ജീവിതകാലം മുഴുവൻ ബാവയുടെ നെഞ്ചിലേറ്റി പരിലാളിച്ച ഈ ദൈവാലയം യാക്കോബായ സഭയുടെ അതിപുരാതനമായ ദേവാലയമാണ്. ഇപ്പോഴത്തെ ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ മാത്യൂസ് മോർ ഈവാനിയോസ് തിരുമേനി തന്റെ ഭഗീരഥപ്രയത്നത്താൽ കണ്ടനാട് പള്ളിയുടെ പഴമയ്ക്കും പെരുമയ്ക്കും ഉതകുന്ന നിലയിൽ ഒരു ആസ്ഥാനമന്ദിരം പണിതുകൊണ്ടിരിക്കുകയാണ്. 1975 മുതലുള്ള കക്ഷി വഴക്ക് കണ്ടനാട് പള്ളിയെ പല രീതിയിൽ ഉലച്ചു. കഴിഞ്ഞകാല വൈദീകരുടെ അനാസ്ഥമൂലം സംഭവിച്ച ഇടവകയിലെ ആരാധനാപരമായ വികലതകൾക്ക് പുന്നച്ചാലിൽ ജോൺ കോറെപ്പിസ്കോപ്പായുടെ രംഗപ്രവേശനത്തോടെ പരിഹാരം ലഭിച്ചു. അന്ത്യോഖ്യാ വിശ്വാസികളെ അണിനിരത്തുവാനും ഇൻഡ്യൻ ഓർത്തഡോക്സ് സഭയിലെ മുരടനായിരുന്ന മട്ടുമ്മേൽ ജോർജ് അച്ചനോടും ഇടവകയിലെ ന്യൂനപക്ഷം വരുന്ന ഓർത്തഡോക്സ് കുതന്ത്രവാദികളോടും നാളിതുവരെ പുന്നച്ചാലിൽ ജോൺ കോറെപ്പിസ്കോപ്പ പൊരുതി നിൽക്കുന്നുവെന്നത് സഭാജീവിതത്തിൽ ചരിത്രം സൃഷ്ടിക്കുന്ന സംഭവമാണ്. 1975 മുതൽ ഇൻഡ്യൻ ഓർത്തഡോക്സ് സഭയിലെ തവണവീതക്കാരനായ മട്ടുമ്മേൽ ജോർജ് അച്ചന്റെ നിര്യാണത്തോടെ ഓർത്തഡോക്സ് തവണവീതം നടത്തുവാൻ ആളില്ലാത്ത അവസ്ഥയിൽ 2006 നവംബർ 12 ന് ഞായറാഴ്ച കണ്ടനാട് പള്ളിയിൽ വി.കുർബ്ബാന മുടങ്ങി. റിസീവർ ഭരണത്തിലിരിക്കുന്ന കണ്ടനാട് പള്ളിക്ക് പല പ്രത്യേകതകളും ഉണ്ട്. മട്ടുമ്മേൽ ജോർജ് അച്ചൻ ഒരിക്കൽപോലും ഓർത്തഡോക്സ് സഭയോട് വിധേയത്വം പുലർത്തിയിരുന്നില്ലായെന്നത് തന്നെയാണ് പ്രധാന പ്രത്യേകത. ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായാണ് മട്ടുമ്മേൽ ജോർജ് അച്ചനെ കണ്ടനാട് പള്ളിയിൽ നിയമിച്ചത്. പള്ളിയിൽനിന്ന് അനധികൃതമായിപണം എടുത്ത് ആ പണം ഉപയോഗിച്ച് കേസ് പറഞ്ഞാണ് മട്ടുമ്മേൽ അച്ചൻ ജീവിതാന്ത്യം വരെ പിടിച്ച് നിന്നത്. അദ്ദേഹം സ്വയം നടത്തിക്കൊണ്ടിരുന്ന പള്ളി കേസുകളിൽ ഇടവക അംഗങ്ങളോ മെത്രാൻകക്ഷി മെത്രാന്മാരോ കക്ഷി ചേർന്നിരുന്നില്ല. അതുകൊണ്ടുതന്നെ കോടതി മുഖേനെ ഒരു വൈദീകനെ കണ്ടനാട് പള്ളിയിൽ നിയമിച്ച് കിട്ടുവാൻ ഓർത്തഡോക്സ് സഭ പാടുപെടേണ്ടിവരും. തുടർന്നുള്ള വ്യവഹാരം ശ്രദ്ധയോടെ നടത്തുവാനും പുന്നച്ചാലിൽ കോറെപ്പിസ്കോപ്പായ്ക്ക് നിരുപാധിക പിന്തുണ യാക്കോബായ സഭാനേതൃത്വം നൽകുകയും ചെയ്താൽ ബഹുഭൂരിപക്ഷം ഇടവക ജനങ്ങളും യാക്കോബായ വിശ്വാസികളായിരിക്കുന്ന കണ്ടനാട് പള്ളി ഏകപക്ഷീയമായി പാത്രിയർക്കാ വിഭാഗത്തിന് ലഭിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാകില്ല. കാരണം ഈ പള്ളിയിലെ ന്യൂനപക്ഷം വരുന്ന ഓർത്തഡോക്സ് ജനങ്ങൾക്കും ഓർത്തഡോക്സ് സഭാനേതൃത്വവുമായി കാര്യമായ ബന്ധങ്ങൾ ഉണ്ടായിട്ടില്ല. ഉണ്ടാകുവാൻ മട്ടുമ്മേൽ ജോർജ് കശീശ്ശ അനുവദിച്ചിട്ടും ഇല്ല.

കണ്ടനാട് ഭദ്രാസനത്തിലെ മറ്റൊരു പ്രധാന ദേവാലയമാണ് കണ്ണ്യാട്ട് നിരപ്പേൽ സെന്റ് ജോൺസ് യാക്കോബായ സുറിയാനി പള്ളി. കാലം ചെയ്ത ശ്രേഷ്ഠ ബാവ ബസേലിയോസ് പൗലൂസ് ദ്വിതീയൻ ഒന്നു രണ്ടുവട്ടം പറഞ്ഞതിങ്ങനെയാണ്. എടോ, എടപ്പങ്ങാട്ട് അച്ചാ, കണ്ടനാട് ഭദ്രാസനത്തിലെ ഏറ്റവും 'പ്രത്യക്ഷം' ഉള്ള ഒരു പള്ളിയാണ് കണ്ണ്യാട്ട് നിരപ്പേൽ പള്ളി. നമ്മുടെ കർത്താവിന്റെ മുന്നോടിയായി വഴിയൊരുക്കുവാൻ വന്ന സ്നാപകയോഹന്നാന്റെ നാമത്തിലുള്ള കണ്ണ്യാട്ട് നിരപ്പേൽ പള്ളി ഇടവകയിൽ ബഹു ഭൂരിപക്ഷവും പാത്രിയർക്കാ വിഭാഗക്കാരാണ്. എന്റെ അറിവിൽപ്പെട്ടിരിക്കുന്നിടത്തോളം 1958-ലെ വഴക്ക് കാലയളവിൽ കേവലം 12 വീട്ടുകാരാണ് ഒറിജിനൽ മെത്രാൻകക്ഷിയായി ഉണ്ടായിരുന്നത്. 1964-ൽ പരി. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ മലങ്കരയിൽ എഴുന്നള്ളി ഔഗേൻ കാതോലിക്കേസിനെ വാഴിച്ചതോടെ കണ്ണ്യാട്ട് നിരപ്പേൽപള്ളിയിലെ 12 മെത്രാൻകക്ഷി കുടുംബങ്ങളും പാത്രിയർക്കാ വിഭാഗത്തിലെ അംഗങ്ങളായി കാലാന്തരത്തിൽ മാറി. 1975-ലെ കക്ഷിവഴക്ക് കണ്ണ്യാട്ട് നിരപ്പേൽ പള്ളിയെ ഒരു നിലയിലും ബാധിച്ചില്ല. പത്തിരുപത്തിമൂന്ന് വർഷക്കാലം വികാരിയായിരുന്ന പനച്ചിയിൽ തോമസ് കശീശ്ശായുടെ നേതൃത്വത്തിൽ കണ്ണ്യാട്ട് നിരപ്പേൽ പള്ളി ആത്മീകമായി ഒരു മാതൃകാ ദേവാലയമായി പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ നിലനിന്നു. പനച്ചി തോമസ് അച്ചൻ വികാരിയായിരുന്ന കാലം കണ്ണ്യാട്ട് നിരപ്പേൽ പള്ളിയുടെ സുവർണ്ണ കാലമായിരുന്നു. മൂവാറ്റുപുഴ മാർ അത്താനാസ്യോസിന്റെ ഭരണപരിഷ്കാരത്തിന്റെ ഭാഗമായി വൈദീകരുടെ സ്ഥലം മാറ്റ പദ്ധതിയുമായി ബന്ധപ്പെട്ട് പനച്ചിയിൽ തോമസ് അച്ചനെ കണ്ണ്യാട്ട് നിരപ്പേൽ പള്ളിയിൽനിന്നും സ്ഥലം മാറ്റിയതാണ് ഇന്നത്തെ പ്രതിസന്ധി കണ്ണ്യാട്ട് നിരപ്പേൽ സംജാതമാകുവാൻ കാരണമായത്. മാർ അത്താനാസ്യോസ് നിയമിച്ച നവ വൈദീകർക്ക് പരി. അന്ത്യോഖ്യ സിംഹാസനത്തോട് കൂറും വിധേയത്വവും ഉണ്ടായിരുന്നില്ല. ചെറുകാട്ടിൽ ഏലിയാസ് അച്ചനെപ്പോലുള്ള നവ വൈദീകർക്ക് മാർ അത്താനാസ്യോസ് മെത്രാനോടുള്ള വ്യക്തിപൂജയാണ് കണ്ണ്യാട്ട് നിരപ്പേൽ പള്ളിയുടെ ഇന്നത്തെ നാശകരമായ സ്ഥിതിവിശേഷത്തിന് കാരണമായത്. ചെറുകാടിന് ശേഷം വന്ന ഫാ.മേരിദാസും മാർ അത്താനാസ്യോസിന്റെ ആശ്രീതനായിരുന്നു. ഫാ.മേരിദാസിന്റെയും ചെറുകാടിന്റെയും ഇപ്പോഴത്തെ മൂലാമറ്റത്തിൽ കത്തനാരുടെയും ശ്രമഫലമായി കൈവിരലിൽ എണ്ണാവുന്ന കക്ഷികളായി കണ്ണ്യാട്ട്നിരപ്പേൽ രൂപംകൊള്ളുകയും ചെയ്തു. കേരള ഹൈക്കോടതിയുടെ ചില വിധികൾ മാർ അത്താനാസ്യോസിന് അനുകൂലമായി വന്നതിനാലാണ് അദ്ദേഹം നിയമിച്ച ഫാ.ജോൺ മൂലാമറ്റത്തിന് തൽക്കാലം പിടിച്ചുനിൽക്കുവാൻ സാദ്ധ്യമാകുന്നത്. എന്നാൽ വി. പത്രോസിന്റെ പടകിന്റെ പ്രാദേശിക അമരക്കാരനായ ശ്രേഷ്ഠ ബാവ ബസേലിയോസ് തോമസ് പ്രഥമന്റെ നേതൃത്വത്തിൽ 2006 നവംബർ 11 ന് നടന്ന പ്രാർത്ഥനായജ്ഞം കണ്ണ്യാട്ട് നിരപ്പേൽ പള്ളിയുടെ ചരിത്രം മാറ്റി എഴുതുവാനുള്ള നടപടികളുടെ മുന്നോടിയാണ്. ശ്രേഷ്ഠ ബാവായുടെ കരങ്ങൾക്ക് ശക്തി പകരുവാൻ യാക്കോബായ സഭയിലെ മുഴുവൻ വിശ്വാസികളും പ്രതിജ്ഞാബദ്ധരാണ്. കണ്ണ്യാട്ട് നിരപ്പേൽ പള്ളിയുടെ മതിൽകെട്ടിനകത്ത് കാലുകുത്തുവാൻ പോലും യോഗ്യത ഇല്ലാത്ത ഫാ.ജോൺ മൂലാമറ്റത്തിന്റെ വിഘടന പ്രവർത്തനങ്ങൾക്ക് തിരശ്ശീല വിഴുന്ന സുദിനം അതിവിദൂരമല്ല.

## SOCMNet

All SOCM activities are now grouped together in an umbrella. This site is envisaged as a platform for all the activities of SOCM, such as the Discussion Forum 'SOCM-FORUM, E-magazine 'Shroro', 24 hrs chain prayer service 'SOCM-Prayercell', Remembrance in Holy Qurbano service 'Dukhrono' and additionally a 'Resource', 'FAQ' and 'News' sections are also added here.

http://www.socmnet.org

SOCM-FORUM - Malankara Jacobite's Discussion Forum

http://groups.yahoo.com/group/SOCM-FORUM

Shroro – Syriac Orthodox Christian Digest

http://socdigest.org

SOCM PRAYER CELL - 24-Hour Chain Prayer Group

http://groups.yahoocom/group/socmprayercell

"DUKHRONO" (commemoration)

A helping hand to people who are living in a place where they cannot have access to Holy Qurbono and wish to place/remember a name or names on occasions like Birthdays, Anniversaries, for blessings for a sick person, Memorials (Aaneedhe) or for any other special occasions.

http://www.socmnet.org/Dukhrono.htm

Matrimonial

The regular free matrimonial advertisements given in the forum was beneficial for many youngsters to find their life partners

http://www.socmnet.org/Matrimonial.htm

Resource

http://www.socmnet.org/Resource.htm

FAQ

http://www.socmnet.org/FAQ.htm

News

http://www.socmnet.org/News.htm


**ഫിനഹാസ് റമ്പാച്ചന് ആശംസകൾ**



**വിശ്വാസസംരക്ഷകൻ പ്രവർത്തകർ**


## സി. എം. സി. വെല്ലൂരിൽ പി. ജി. യ്ക്ക് യാക്കോബായ സ്പോൺസറിംഗ്

വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ 2007-ലേയ്ക്കുള്ള പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ്മ, എം.ഡി./എം.എസ്സ്, ഡിപ്പ്.എൻ. ബി., എന്നീ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് യാക്കോബായ സഭയുടെ സ്പോൺസറിംഗ് അവശ്യമുള്ളവർ ആയതിനുള്ള പ്രത്യേക അപേക്ഷാ ഫോറം കോട്ടയം ഭദ്രാസന ഓഫീസിൽനിന്നും വാങ്ങി പൂരിപ്പിച്ച് ഡിസംബർ 5 ന് മുൻപ് തിരികെ ഏൽപിക്കണമെന്ന് സെക്രട്ടറി പ്രൊഫ. കെ.എം. വറുഗീസ് അറിയിക്കുന്നു. എം.ബി.ബി.എസ്സിന് ശേഷം രണ്ടുവർഷത്തെ മിഷൻ ഹോസ്പിറ്റൽ സേവനമുള്ളവരെ മാത്രമെ പരിഗണിക്കൂ.

ചീഫ് എഡിറ്റർ: ബിബി ഏബ്രഹാം കടവുംഭാഗം, പുളിക്കൽകവല പി. ഒ. ,വാഴൂർ Ph: 0481-2456498, 2458198, 9446921775,
Sponsored by: Mor adai Study Center http://moradaistudycenter.cjb.net
editor@viswasasamrakshakan.org abrahambibby@yahoo.com